# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4382 21.03.2018-ൽ മറുപടിയ്ക്ക്

### പ്രവാസികൾക്കായി പെൻഷൻ സ്കീം.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എൻ.എ. ഖാദർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കേരള സർക്കാർ പ്രവാസികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള പെൻഷൻ സ്കീമിന്റെ നിലവിലെ പ്രവർത്തനം വിശദമാക്കാമോ ; | (എ) 2008-ലെ പ്രവാസി ക്ഷേമ ആക്റ്റ് പ്രകാരം കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് പ്രവർത്തിച്ചു വരുന്നു. അറുപത് വയസ്സ് പൂർത്തിയായതും, അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവിലും, അറുപതു വയസ്സുവരെയും അംശദായം അടച്ചിട്ടുള്ളതുമായ ഓരോ പ്രവാസി കേരളീയനായ (വിദേശം) അംഗത്തിനും അറുപതു വയസ്സു പൂർത്തിയായതും, അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായമടച്ചിട്ടുള്ളതും, സ്വന്തം നാട്ടിലേക്ക് തിരിച്ചു വന്നതുമായ ഓരോ മുൻ പ്രവാസി കേരളീയനായ (വിദേശം) അംഗത്തിനും പ്രതിമാസം പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.<br>അറുപത് വയസ്സ് പൂർത്തിയായതും, അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവിലും അറുപത് വയസ്സുവരെയും അംശദായം അടച്ചിട്ടുള്ളതുമായ ഓരോ പ്രവാസി കേരളീയനായ (ഭാരതം) അംഗത്തിനും, ഓരോ കല്പിത അംഗത്തിനും പ്രതിമാസം പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.<br><br>അഞ്ച് വർഷത്തിൽ കൂടുതൽ കാലം തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക്, അവർ പൂർത്തിയാക്കിയ ഓരോ അംഗത്വ വർഷത്തിനും നിശ്ചയിച്ചിട്ടുള്ള മിനിമം പെൻഷൻ തുകയുടെ മൂന്ന് ശതമാനത്തിന് തുല്യമായ തുക കൂടി പ്രതിമാസം അധിക പെൻഷനായി ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്. എന്നാൽ മൊത്തം പെൻഷൻ തുക മിനിമം പെൻഷൻ തുകയുടെ ഇരട്ടിയിൽ കൂടുവാൻ പാടുള്ളതല്ല.<br>കാറ്റഗറി വ്യത്യാസമില്ലാതെ നിലവിൽ എല്ലാവർക്കും 2000/- രൂപ നിരക്കിൽ പെൻഷൻ നല്കുന്നുണ്ട്. |
| (ബി) ഈ പെൻഷൻ സ്കീമിൽ ചേരുന്നതിനുള്ള അപേക്ഷകൾ നൽകുന്ന വിധം, അവ ഏത് ഓഫീസുകളിലാണ് നല്കേണ്ടതെന്നും അടയ്ക്കേണ്ട വിഹിതമെത്രയെന്നും അറിയിക്കാമോ; | (ബി) കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ മുഖ്യ ഓഫീസ് തിരുവനന്തപുരത്തും 2 റീജിയണൽ ഓഫീസുകൾ എറണാകുളത്തും കോഴിക്കോട്ടുമായി പ്രവർത്തിച്ചു വരുന്നു. പ്രവാസി ക്ഷേമനിധി അംഗത്വത്തിനുള്ള ഫോറം ബോർഡിന്റെ ഓഫീസുകളിലും, കളക്ടറേറ്റുകളിൽ പ്രവർത്തിക്കുന്ന നോർക്ക സെല്ലുകളിലും www.pravasiwelfarefund.org എന്ന വെബ് സൈറ്റിലും ലഭ്യമാണ്. ഓൺലൈനായും അപേക്ഷ സമർപ്പിക്കാവുന്നതാണ്. |

കേരള പ്രവാസി കേരളീയ ക്ഷേമനിധിയിൽ 1 എ-പ്രവാസി കേരളീയർ (വിദേശം) 1 (ബി)-മുൻ പ്രവാസി കേരളീയൻ (വിദേശത്ത് നിന്ന് മടങ്ങിയവർ), 2 എ-പ്രവാസി കേരളീയൻ (ഭാരതം) എന്നീ മൂന്ന് വിഭാഗങ്ങളാണ് ഉള്ളത്. ഇവർ അംശദായമായി പ്രതിമാസം അടയ്ക്കേണ്ട തുക യഥാക്രമം 300, 100, 100 രൂപ വീതമാണ്. പ്രവാസി ക്ഷേമനിധിയിൽ അംഗമായി ചേരുവാനുള്ള പ്രായം 18 നും 60 നും മദ്ധ്യയാണ്. 18 നും 55 നും ഇടയിൽ അംഗമായി ചേർന്നവർ അംഗത്വ തീയതി മുതൽ 60 വയസ്സ് പൂർത്തിയാകുന്നതുവരെ തുടർച്ചയായും 55 വയസ്സിന് ശേഷം അംഗത്വമെടുത്തിട്ടുള്ളവർ അംഗമായി ചേർന്ന തീയതി മുതൽ 5 വർഷം വരെ തുടർച്ചയയായും അംശദായം അടയ്ക്കുന്ന മുറയ്ക്ക് പ്രതിമാസ പെൻഷൻ ലഭിക്കുന്നതിന് അർഹത നേടുന്നതാണ്.

സി) പ്രസ്തുത പെൻഷൻ സ്കീമിൽ ഉൾപ്പെടാൻ അപേക്ഷ നൽകി മാസങ്ങൾ കഴിഞ്ഞ ശേഷമാണ് അംഗത്വ നമ്പർ ലഭിക്കുന്നതെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാലതാമസം ഒഴിവാക്കുന്നതിനായി വേണ്ട നടപടികൾ സ്വീകരിക്കുമോ ?

സി) കേരള പ്രവാസി ക്ഷേമ ബോർഡ് ഓഫീസിൽ ലഭിക്കുന്ന സാധുവായ അപേക്ഷകൾക്ക് മൂന്ന് മാസത്തിനുള്ളിൽ അംഗത്വ/അംശദായ അടവ് കാർഡ് അവരുടെ മേൽ വിലാസത്തിൽ ബോർഡ് ഓഫീസിൽ നിന്നും അയച്ചു കൊടുക്കുന്നുണ്ട്. ഓൺ ലൈനായി അപേക്ഷ സമർപ്പിക്കുന്നവർക്ക് 15 ദിവസത്തിന് ശേഷം അവരുടെ അംഗത്വ കാർഡ് ഓൺലൈനായി പ്രിന്റ് എടുക്കാവുന്നതാണ്. അംഗത്വത്തിനായി ലഭിക്കുന്ന അപേക്ഷകളിൽ മിക്കപ്പോഴും മതിയായ രേഖകൾ സമർപ്പിക്കാറില്ല. അപേക്ഷകളിൽ ഇതുമൂലമാണ് കാലതാമസം ഉണ്ടാകുന്നത്. മതിയായ രേഖകൾ സമർപ്പിച്ച ശേഷമാണ് അംഗത്വ/അംശദായ അടവ് കാർഡ് നല്കി വരുന്നത്. കാലതാമസം ഒഴിവാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**